

# E PAPER CASTLE



2018-19

# THE POWER BEHIND OUR NAME



*Rev. Dr. Claudius Buchanan*

റവ.ഡോ.ക്ലോഡിയസ് ബുക്കാനന്റെ "Christian Researches in Asia" എന്ന ഗ്രന്ഥത്തിലെ നിർദ്ദേശങ്ങൾ ചര്ച്ച് മിഷന് സൊസൈറ്റിയുടെ ശ്രദ്ധാ പിടിച്ചുപറ്റി. കേരളത്തിൽ പാരിഷ് സ്ക്കൂളുകൾ ആരംഭിക്കുന്നതിന് ഈ ആശയങ്ങളാണ് റവ. ഹെൻറി ബേക്കറിന് പ്രചോദനമായത്. 1844 ൽ മിസസ് ഹെൻറി ബേക്കർ പെൺകുട്ടികൾക്കായി പള്ളത്ത് ഗേള്സ് ബോർഡിംഗ് സ്ക്കൂൾ ആരംഭിച്ചു. 1871-ൽ ഇവിടെ 60 ബോർഡിംഗ് വിദ്യാർത്ഥിനികളും ദിവസവും വന്നു പോകുന്ന ഇരുപത്തിയഞ്ച് പെൺകുട്ടികളും ഉണ്ടായിരുന്നു.  അയിത്ത സമ്പ്രദായം, സ്ത്രീകളുടെ സാമൂഹിക പിന്നാക്കവസ്ഥ,വിദ്യാഭ്യാസം ചില വിഭാഗങ്ങൾക്ക് മാത്രമായി ചുരിങ്ങിയ അവസ്ഥ ഇങ്ങനെ കേരളത്തിലെ പ്രത്യേക സാഹചര്യത്തിൽ പെൺകുട്ടികളെ പഠിപ്പിക്കുവാൻ ദൈവവിചാരവും ട്രെയിനിംഗും ഉള്ള അദ്ധ്യാപികമാർ അത്യാവശ്യമായിരുന്നു. ഈ ആവശ്യങ്ങൾ അറിഞ്ഞ് 1872 ൽ മിസ് എലിസ ഉസ് ബോൺ 2000 പൗണ്ട് സംഭാവനയായി ചർച്ച് സൊസൈറ്റിക്കു നൽകി. തിരുവിതാംകീറിൽ ഒരു ട്രെയിനിംഗ് സ്ക്കൂൾ ആരംഭിക്കുന്നതിനായിരുന്നു ഈ സംഭാവന. ഇതിൻപ്രകാരം ചർച്ച് മിഷൻ സൊസൈറ്റിയുടെ കമ്മറ്റി പള്ളത്ത് പെൺകുട്ടികൾക്കായുള്ള ഒരു ട്രെയിനിംഗ് സ്ക്കൂൾ ആരംഭിക്കുവാൻ തീരുമാനിച്ചു. കേരളത്തിൽ സി.എം. എസ്സിന്റെ നേതൃത്വത്തിൽ സ്ക്കൂളുകൾ ആരംഭിക്കുവാൻ കാരണക്കാരനായ റവ. ഡോ. ക്ലോഡിയസ് ബുക്കാനന്റെ ഓർമ്മയ് ക്കായി ഈ സ്ഥാപനത്തിന് ' ബുക്കാനൻ ഇൻസ്റ്റിറ്റ്യൂഷൻ ' എന്നു പേരിടാൻ ധാരണയായി. അങ്ങനെ മിസസ് പെയിന്ററുടെ സ്ക്കൂൾ കേന്ദ്രീകരിച്ച് 1891 ൽ റവ. എ .എച്ച് .ലാഷ് , ബുക്കാനൻ ഇൻസ്റ്റിറ്റ്യൂഷൻ തുറന്നു.

# OUR BISHOP



Most.Rev .THOMAS K OOMMAN

# OUR LOCAL MANAGER



Rev.VARKY THOMAS

# OUR HEADMISTRES



*Smt. Mary Mani M*

# എഡിറ്റോറിയൽ

ബുക്കാനൻ ഗേൾസ് ഹൈസ്കൂളിലെ ലിറ്റിൽ കൈറ്റ്സിന്റെ പ്രഥമ സംരംഭമായ "Buchanan E Paper Castle" എന്ന ഡിജിറ്റൽ മാഗസിൻ നിങ്ങൾക്കായി സമർപ്പിക്കുന്നു. ഈ മാഗസിനുവേണ്ടി സഹായിച്ച ലിറ്റിൽ കൈറ്റ്സ് അംഗങ്ങളോടും അദ്ധ്യാപകരോടുമുള്ള നന്ദി അറിയിക്കുന്നു. കുറവുകൾ സാദരം ക്ഷമിച്ച് ഞങ്ങളുടെ ഈ സംരംഭത്തെ ആശിർവദിക്കണമെന്ന് അപേക്ഷിച്ചുകൊള്ളുന്നു.


വിശ്വസ്തതയോടെ,



**മിന്നുമോൾ എലിസബത്ത് മാർട്ടിൻ**

# എഡിറ്റോറിയൽ ബോർഡ്

| | | |
|---|---|---|
| സ്റ്റുഡന്റ് എഡിറ്റർ | : | മിന്നുമോൾ എലിസ്സബത്ത് മാർട്ടിൻ |
| സ്റ്റാഫ് എഡിറ്റർ | : | ബിന്ദു പി ചാക്കോ |
| അഡ്വൈസറി ബോർഡ് | : | ഡെയ്സി ജോർജ്ജ് |
| എഡിറ്റോറിയൽ ബോർഡ് | : | മിന്നു മോൾ എലിസബത്ത് മാർട്ടിൻ<br>അനശ്വര രാജൻ<br>ക്ലിയാമോൾ എം ജോയ്<br>തുളസി എസ്<br>സൈറ ജേക്കബ്<br>റിൻസി എം പോൾ |
| ഫോട്ടോ | : | അനുരാ എസ് ജോസഫ്<br>മിന്നുമോൾ എലിസബത്ത് മാർട്ടിൻ |
| ചിത്രങ്ങൾ | : | അലീന മേരി ഡേവിഡ്<br>റ്റെസിയ തങ്കച്ചൻ |
| കവർ | : | കൃഷ്ണ പുഷ്പരാജ് |


Kesiya Jens

# ഇടനാഴികളിലൂടെ..............


ചരിത്ര വഴികളിലൂടെ............ 10
കവിത.................................11
കവിത - എന്റെ ഹൃദയത്തിലെ
മാലാഖ...............12
poem - Stream of love.......................14
കവിത – തത്തമ്മ......................15
poem - The worst childhood.....................16
കവിത – പാട്ടുകാരി
പൂങ്കുയിൽ....................17
kite-poem..........................18
ലേഖനം - ഡിമെൻഷ്യ..........................19
ലേഖനം– ഓർമയെ തിരികെത്തന്ന
പ്രളയം......20
കവിത – എന്റെ മുത്തശ്ശി.......................21
കഥ – ഇരുട്ടിൽ നിന്ന്
വെളിച്ചത്തിലേയ്ക്ക്................22
*poem – Spring*.................23
കവിത – വിണ്ടു കീറിയ സമഭൂമി.........24
കവിത – സ്നേഹം..................24
poem – Life....................26
poem – End of times.................27
कविता - मै कौन हूँ ..........................28
The most in our life.....................29
Digital painting..................................30
കവിത – സുഹൃത്ത്......................31
കഥ – മിടുക്കനായ കറുമ്പൻ.....32
കുസൃതി ചോദ്യങ്ങളും ഉത്തരങ്ങളും.....33
poem – Pet shopping....................35
കഥ – സുഹൃത്തിന്റെ സ്നേഹം.........36
കവിത – മഴ കുസൃതി.............37
കവിത – എന്റെ മലർവാടി.................38
Funny corner ...................................39
കഥ – ഒരു രത്നഖനിയുടെകഥ..........40
പഴഞ്ചൊല്ല്.................................41
Good things come to those who wait............42
Paintings.....................................................4
3
ക്ലബ്ബ് പ്രവർത്തനങ്ങൾ..............................44
click...........................................................45

# ചരിത്രവഴികളിലൂടെബുക്കാനൻ ഇൻസ്റ്റിറ്റ്യൂഷൻ ഗേൾസ് ഹൈസ്കൂൾ




ബുക്കാനൻ സ്കൂളിന്റെ ചരിത്രം കേരളത്തിന്റെ വിദ്യാഭ്യാസ ചരിത്രം കൂടിയാണ്. 1839 ൽ റവ.ഹെൻറി ബേക്കർ സീനിയർ പള്ളത്ത് ഒരു സ്കൂൾ ആരംഭിച്ചു.1871 ൽ മിസ്സ് ഹെൻറി ബേക്കർ ജൂനിയർ ഒരു ഗേൾസ് ബോർഡിഗ് സ്കൂൾ ആരംഭിച്ചു.1872 ൽ ട്രയിനിംഗ് സ്കൂൾ സ്ഥാപിച്ചു.1891-ൽ ബിഷപ്പ് ഇ എൻ ഹോഡ്ജസ് പുതിയ സ്കൂൾ ബിൽഡിംഗ് ഉദ്ഘാടനം ചെയതു. ഇന വിദ്യാലയം, 1945 ൽ ഇംഗ്ലീഷ് ഹൈസ്കൂളാക്കി ഉയർത്തി .19- താം നൂറ്റാണ്ടിൽചർച്ച് മിഷന് സൊസൈറ്റിയുടെ വരവിന് വഴിയൊരുക്കിയ റവ.കോഡിയസ് ബുക്കാന ന്റെ ഓർമയ്ക്കാണ് സ്ഥാപനങ്ങൾക്കന് ഈ പേര് നൽകിയത്. കോട്ടയം ജില്ലയിലെ ഏറ്റവും പഴക്കമേറിയ പെൺകുട്ടികളുടെ വിദ്യാലയങ്ങളിലോന്നാണ് ചർച്ച് മിഷൻ സൊസൈറ്റിയുടെ നേത്രത്തതിൽ 1891 ൽ റവ.ഡോക്ലോഡിയസ്ബുക്ക m നെറെ സ്മരണാർത്ഥം റവ എ എച്ച്'ലാഷ് ബുക്കനൻ ഇൻസ്റ്റിറ്റ്യൂഷൻ ഉദ്ഘാടനം ചെയതു. എലിമെന്ററി ട്രെയിനിo ഗ് സ്കൂൾ, ഹയർ എലിമെന്ററി സ്കൂൾ എന്നിവ ഉൾപ്പെടുന്ന സ്കൂൾ സമുച്ചയം പെൺകുട്ടികളുടെ വിദ്യാഭാസത്തിന് പ്രത്യേകിച്ച് പിന്നോക്ക വിഭാഗക്കാരായ പെൺകുട്ടികളുടെ വിദ്യാഭ്യാസത്തിന് മാർഗ്ഗദീപം തെളിച്ചു.1945-ൽ സ്കൂൾ ഇംഗ്ലീഷ് ഹൈസ ക്കൂളായി ഉയർത്തപ്പെട്ടു. നാട്ടകം പ്രദേശത്തെ മികച്ച സ്കൂളായി നിലകൊള്ളുകയാണ് ബുക്കാനൻ ഗേൾസ് ഹൈസ്കൂൾ' റവ വർക്കി തോമസ് ലോക്കൽ മാനേജരായും മേരി മാണി എം ഹെഡ്മിസ്ട്രസ്സായും രവീന്ദ്ര കുമാർ പി.ടി എ പ്രസിഡൻൻറായും പ്രവർത്തിച്ചു വരുന്നു നാടിന് നന്മ വാരി വിതറി കൊണ്ട് ഏകദേശം 200 വർഷത്തെ പാരമ്പര്യപ്പെത്തമയിൽ അഭിമാനം കൊണ്ട് ഇന്നും കരുത്തോടെ മന്നേറുകയാണ് ഈ വിദ്യാലയ മുത്തശ്ശി ....

# കവിത

## കവിത

~~പൂമ്പാറ്റ~~
പാറി നടക്കും പൂമ്പാറ്റ
നിറം ഉള്ളൊരു പൂമ്പാറ്റ
ചിറക് വിടർത്തി പറക്കുമ്പോൾ
ചിറകിൽ ഉണ്ട് പല നിറങ്ങൾ

പാറി പാറി നടക്കുന്ന പൂമ്പാറ്റേ
എവിടുന്ന് ഈ നിറങ്ങൾ കിട്ടി
മഴവിൽ മാമൻ എനിക്കു തന്നു
സുന്ദര നിറങ്ങൾ ഒക്കെയും



Stella mol Jacob
STD V C

കവിത

# എന്റെ ഹൃദയത്തിലെ മാലാഖ

## സൈറ ജേക്കബ് (9 ബി)

ഓർമ്മതൻ പൂമൊട്ടു വിരിഞ്ഞതുമുതൽ

എന്റെ കണ്ണിലെന്നും കാണും

സ്നേഹത്തിന്റെ അക്ഷയപാത്രമാണെന്നമ്മ

അമ്മതൻ കൈവിരൽ തുമ്പുകൾ

എനിയ്ക്കായ് നീളുമ്പോൾ

ലോകത്തിൻ ചവിട്ടുപടികൾ

ഒന്നൊന്നായ് ഞാൻ കയറി

അമ്മതൻ പൊന്നുമ്മകൾ

എൻ കവിൾതടത്തിൽ വീഴുമ്പോൾ

സ്നേഹത്തിന്റെ അനശ്വരമാം

നിധികൾ ഞാൻ സ്വന്തമാക്കി

എൻ അശ്രുബിന്ദുക്കൾ ഒപ്പി മാറ്റുമ്പോൾ

അമ്മതൻ മിഴികൾ ആർദ്രമായി

എൻ ഞരമ്പിലോടുന്ന

രക്തത്തിൻ ഓരോ കണവും

എൻ അമ്മതൻ സ്വന്തമല്ലേ

പത്തുമാസം പേറി നൊന്തുപ്രസവിച്ചൊ

രെന്നമ്മയാണെൻ ഹൃദയം.

# Stream of Love



Mother is a precious gift given by God to us. Mother, she suffers a lot of pain and gives birth to her children. Now we are enjoying this life due to the sufferings and sacrifies of mother. She has a lot of good values. She gives us care, love and positive. Strength to face hardships in our life. She motivates and gives good advices to reach our goal. Her heart is like a stream full of love. Mother is the only person who dedicates her life for her childern and she is always a good friend of her children. She will convert the terms in our path to blooming roses. Mothers mind is a court that justifies all our mistakes. Mother's love is the most valuable love in the world.

Devu Satheesan (9C)

അനീന ആൻ മത്തായി

# തത്തമ്മ

ആറ്റിൻ നടുവിൽ അരയാലിൻ കൊമ്പത്ത്

ആനന്ദത്തോടെയിരിക്കും തത്ത

തിക്കി തിരക്കി മതിലകം ഉത്തപ്പോൾ

രാജകുമാരീടെ താലി പോയി

കരയേണ്ട പെണ്ണേ നീ

പിടയേണ്ട പെണ്ണേ നീ

താലിക്കിണത്താലി ഞാൻ തരുവേൻ

താലിയും വേണ്ടമ്മേ

മാലയും വേണ്ടമ്മേ

നേരേ പടിഞ്ഞാട്ട് പോയാൽ മതി

വേനൽ പിറക്കട്ടെ

വെള്ളം ചുരുങ്ങട്ടെ

പാടത്തെചോറൊക്കെപ്പൊടിയാവട്ടെ

തട്ടാനേ വരുത്തട്ടെ

പൊൻ ഉരുക്കി കൊടുക്കട്ടെ

താലി പരത്തട്ടെ തത്തമ്മയ്ക്ക്

താലിയും പരത്തിച്ച

രടിന്മേൽ കോർത്തപ്പോൾ

സന്ധ്യാവിളക്കിന്റെ ശോഭപോലെ

താലിയും കെട്ടി

സഭയിൽച്ചെന്നപ്പോൾ

തത്തമ്മയ്ക്കൊത്തൊരു പെണ്ണുമില്ല



Poem

# The Worst Childhood



Oh! our childhood

How happy it is

we got a lot of love

Care and tears of happiness

But someone where

Will have a childhood

The worst Childhood

Why it is so? Do you know?

Plenty of children

Playing in the ground

But, Plenty of children

Working in the street

They don't have any joy

They don't get any joy or care

But they got a lot of tears

Tears of neglection


Their childhood was

filled with hunger and grief

**Alsa Sajan (10C)**

# പാട്ടുകാരി പൂങ്കുയിൽ

കൂ കൂ കൂകും പൂങ്കുയിലേ
പാറി നടക്കും കരിങ്കുയിലേ
നിന്നുടെ പാട്ടുകൾ കേൾക്കാനായി
പൂന്തോട്ടത്തിൽ ഇരിക്കും ഞാൻ




നിനക്കു നല്ല ചിറകില്ലേ
നിനക്കു നല്ല സ്വരമില്ലേ
പൂഞ്ചിറകുകളാൽ പാറിവരൂ

പാടി രസിച്ചു പാടി വരൂ
പാടി രസിച്ചു വരൂ
ഈണത്തിൽ നീ പാടി തരൂ
താളം പിടിച്ചു രസിക്കാം ഞാൻ

അബിയ പ്രസാദ് (8D)

# THE KITE

HOW bright on the blue is a kite



When it's new with adive and a dip it snaps its tail.

Then soars like a ship with only a sail.

As over tides of with it rides.

Climbs to the crest of a gust and pulls;

Then seems to rest as windfalls.

When string goes slack you wind it back

And run untill and a new breeze blows its wings fill

And its winds goes.

How brights on the blue is a kite

when it's new but a raggeder thing

you never will see when it flaps on a string in the top of a tree.



By

Kripa Kriakose

ലേഖനം

# • ഡിമെൻഷ്യ



ഒരു വ്യക്തിയുടെ ശാരീരിക മാനസിക പ്രവർത്തനങ്ങളെ നിയന്ത്രിക്കുന്നത് തലച്ചോറാണ്. തലച്ചോർ രോഗബാധിതമാകുകയും തലച്ചോറിന് ധർമ്മങ്ങൾ  ശരിയായി നടത്താൻ കഴിയാതെ വരികയും തൻമൂലം ഒരാൾക്ക് തന്റെ ദൈനം ദിന പ്രവർത്തികളും തൊഴിൽ പരമോ സാമൂഹികമോ ആയ ധർമ്മങ്ങളും നടത്താൻ കഴിയാതെ വരികയും ചെയ്യുന്ന അവസ്ഥയാണ് ഡിമെൻഷ്യ. അതിൽ ഏറ്റവും പ്രധാനപ്പെട്ട രോഗമാണ് അൽഷൈമേയ്സ്

## ഡിമെൻഷ്യയുടെ ലക്ഷണങ്ങൾ

- ഓർമ്മക്കുറവ്.
- ഭാഷ കൈകാര്യം ചെയ്യുവാനുള്ള ബുദ്ധിമുട്ട്.
- സാധാരണ ചെയ്യാറുള്ള ദിനചര്യകൾ ചെയ്യാൻ പറ്റാതെ വരിക.
- സ്ഥലകാല ബോധം നഷ്ടപ്പെടുക.
- സ്വന്തമായി തീരുമാനങ്ങൾ എടുക്കാൻ കഴിയാതെ വരിക.
- ആലോചിച്ച് കാര്യങ്ങൾ മനസിലാക്കാനുള്ള കഴിവുകൾ നഷ്ടപ്പെടുക.
- സാധനങ്ങൾ എവിടെയെങ്കിലും വെച്ച് മറക്കുക .
- പെരുമാറ്റത്തിലും സ്വഭാവത്തിലും ഉണ്ടാകുന്ന മാറ്റങ്ങൾ.
- വ്യക്തിത്വത്തിൽ മാറ്റങ്ങൾ ഉണ്ടാവുക.
- ഒരു കാര്യത്തിലും താൽപര്യമില്ലാതാവുക.
-

## കാരണങ്ങൾ

അരോഗ്യമുള്ള ഒരാളുടെ മസ്തിഷ്കത്തിൽ ഏകദേശം പതിനായിരം കോടി ന്യൂറോണുകളും അവതമ്മിൽ നൂറുലക്ഷം കോടി കണക്ഷനുകളും ഉണ്ട്.സിനാപ്സുകൾ എന്നറിയപ്പെടുന്ന ഈ കണക്ഷകളിൽ കൂടിയാണ് ന്യൂറോണുകൾ തമ്മിൽ സംവാദിക്കുന്നത് അൾഷിമേഴ്സ് രോഗത്തിൽ സിനാപ്സുകൾ തമ്മിലുള്ള അശയവിനിമയം തകരാറിലാവുകയും ക്രമേണ സിനാപ്സുകളും ന്യൂറോണുകളും നശിക്കുകയും ചെയ്യുന്ന രോഗത്തിന്റെ അവസാന ഘട്ടങ്ങളിൽ മസ്തിഷ്കം ചുരുങ്ങുന്നു

അസൈറ്റൈൽ കോളിൻ എന്ന താഡീയപ്രേഷകത്തിന്റെ സംശ്ലേണം കുറയുന്നതാണ് ഈ രോഗത്തിന് കാരണം. എന്നാൽ ഈ നാഡീയ പ്രേഷകത്തിന്റെ കുറവ് നികത്താൻ ഉപയോഗിക്കുന്ന മരുന്നുകൾ ഈ രോഗത്തിന്  കാര്യമായ ആശ്വാസം നൽകുന്നില്ല. രോഗബാധിതരുടെ മസ്തഷകത്തിൽ അമൈലോയ്ഡ് ബെയ്റ്റ എന്ന പ്രോട്ടീൻ അടങ്ങിയ പ്ലാക്കുകൾ ടൗ എന്ന പ്രോട്ടീന്റെ കെട്ടിപിണഞ്ഞ  ഇഴകൾ എന്നിവ അസാധാരണമായി കാണാം.

ഈ രോഗത്തിന് ചികൽസ കണ്ടുപിടിക്കപ്പെട്ടിട്ടില്ല എങ്കിലും രോഗലക്ഷണങ്ങൾ കുറയ്ക്കാനായി ചില മരുന്നുകൾ നൽകാറുണ്ട്.

2050 ആകുമ്പോഴേക്കും പത്ത്കോടിയോളം രോഗബാധിതർ ഉണ്ടായേക്കാമെന്ന കരുതപ്പെടുന്നു.ഇന്ത്യയിൽ ഈ രോഗം ബാധിച്ചവരുടെ എണ്ണം 30 ലക്ഷത്തിലധികമാണെന്ന് ചില കണക്കുകൾ സൂചിപ്പിക്കുന്നു.

**സൂസൻ ജോർജ് ടീച്ചർ**




picture
Ayathna Sibu VI

# ഒരുമയെ തിരികെത്തന്ന പ്രളയം

എന്തെല്ലാം ഭേദഗതികൾ വരുത്തി. താഴ് ന്ന ജാതികളെ ഉയർത്താൻ ശ്രമിച്ചാലും മാറാതെ കിടന്ന ഒരു സമൂഹ മനസ്സുണ്ടായിരുന്നു. നിറയെ ക്രൂരതകളും അടിച്ചമർത്തലുകളും നിറഞ്ഞ് കറുത്തിരുണ്ടിരുന്ന ഒരു ദുഷിച്ച മനസ്സ്. അതിലെ വേർതിരിവ് കേരള സമൂഹത്തിലെ ചില മനുഷ്യ മനസ്സുകളിൽ വൻമതിലായിരുന്നു. എന്നാൽ ഈ മതിലുകൾ തകർക്കാൻ ദൈവം നിയോഗിച്ച ഒരു ദൂതനായിരുന്നു 2018 ൽ നാം നേരിട്ട "പ്രളയം".

പ്രളയം ,കേരളത്തിന് നൽകിയത് ഒരുപാട് നാശനഷ്ടങ്ങളാണെങ്കിലും അതിലുപരി നൽകിയ ഒരു നേട്ടമുണ്ട്. " പെരുമയാർന്ന ഒരുമ." . അന്ന് മലയാളികൾക്ക് ഒരേ പ്രാർത്ഥനയായിരുന്നു. എങ്ങനെയെങ്കിലും രക്ഷപെടണം. ആ നാൾ വരയും ജാതിയുടേയും മതത്തിന്റേയും പേരിൽ തമ്മിൽ തല്ലിയിരുന്നവർ പരസ്പരം തലോടുവാൻ തുടങ്ങി. കൈകൾ ചേർത്ത് പിടിച്ച് നെഞ്ചു വിരിച്ചു നിന്ന് ആ വിപത്തിനെ നേരിട്ടപ്പോൾ അവർ അന്വേഷിച്ചിട്ടില്ല താൻ ചേർത്ത് പിടിച്ച കൈകൾ ആരുടേതെന്ന് . അന്ന് മലയാളക്കരക്ക് തിരികെ കിട്ടിയത് നഷ് ടമായ ഐക്യമായിരുന്നു എല്ലാം നഷ് ടപ്പെട്ട് എവിടെയൊക്കെയോ അഭയം പ്രാപിച്ചപ്പോൾ തനിക്കു കിട്ടിയ ആഹാരവും വസ് ത്രങ്ങളും ആരുടേതെന്ന് അവർ അന്വേഷിച്ചില്ല. വരുത്തിവച്ച നാശത്തേക്കാൾ തിരിച്ചു നൽകിയത് ഒരു നാടിന്റെ ഐക്യത്തെയായിരുന്നു. യുവതലമുറയുടെ മൊബൈലിൽക്കൂടിപ്പോലും ഒരായിരം ജീവനുകൾ രക്ഷപ്പെട്ടു. കുട്ടികൾ അവരുടെ കൊച്ചു കുടുക്കകൾപോലും സംഭാവനയായി നൽകി. കരസേനയും, വ്യോമസേനയും, നാവികസേനയും മലയാളക്കരക്കായി കൈകോർത്തു. സ്വന്തം അന്നമായിരുന്ന ബോട്ടുകളുമായി നന്മ നിറഞ്ഞ മത്സ്യത്തൊഴിലാളികളും ഒപ്പം കൂടി. സ് ത്രീകൾക്കുവേണ്ടി സ്വന്തം മുതുകുവരെ ചവിട്ടുപടിയായി നൽകിയവരും കേരളത്തിൽ ഉണ്ടായി . ഒന്നിനും കൊള്ളില്ലെന്നു പറഞ്ഞു മുദ്രകുത്തിയ പലരും മുണ്ടു മടക്കിക്കുത്തി കളത്തിലിറങ്ങി. എല്ലാത്തിനുമുപരി ഈ സമയം ഒറ്റക്കെട്ടായി നിന്ന മൂന്നരക്കോടി ജനങ്ങളുണ്ടിവിടെ. പ്രളയം ഞങ്ങൾക്ക് നൽകിയത് നഷ് ടമായ ഒരുമയെയാണ്. ഒന്നുറപ്പാണ് യഥാർത്ഥത്തിൽ ദൈവത്തിന്റെ സ്വന്തം നാട് അത് കേരളമാണ്. നാം അതിജീവിക്കും കാരണം തോൽക്കാൻ മനസ്സില്ല.



**ശ്രീലക്ഷ്മി യു**

**XA**

# എന്റെ മുത്തശ്ശി

കാതറിൻ ബി VII B



ഞങ്ങൾക്കുണ്ടൊരു മുത്തശ്ശി

നല്ലൊരു മുത്തശ്ശി

സ്നേഹം നൽകും മുത്തശ്ശി

തങ്കക്കുടമാം മുത്തശ്ശി

അറിവും കഥയും പകർന്നു നൽകും

സ്നേഹച്ചുമടാം മുത്തശ്ശി

നന്മകൾ നൽകും മുത്തശ്ശി

ദൈവം തന്നൊരു മുത്തശ്ശി

വാത്സല്യത്തിൻ ചിറകുവിരിച്ച്

അരികിലെത്തും മുത്തശ്ശി

ഇങ്ങനെയുള്ളൊരുമുത്തശ്ശി ഭൂവിൽ എവിടുണ്ട്

# ഇരുട്ടിൽ നിന്ന് വെളിച്ചത്തിലേയ്ക്ക്

(കഥ)

ആർഷ സണ്ണി 10 ബി



ഒരിടത്ത് ഒരു അനാഥാലയത്തിൽ മീനാക്ഷി എന്നു പേരുള്ള ഒരു കുട്ടിയുണ്ടായിരുന്നു .അവൾക്ക് കാഴ്ച ഇല്ലായിരുന്നു. പക്ഷെ എല്ലാം കേൾക്കുവാനും സംസാരിക്കുവാനും കഴിയുമായിരുന്നു.. എല്ലാം ഒരു വിധിയുടെ വിളയാട്ടം പോലെ അവൾ സഹിച്ച് ജീവിച്ചു. അനാഥാലയത്തിൽ കുറെയധികം ആളുകൾ വന്നു പോകുന്നു ണ്ടായിരുന്നു - അവരുടെ മുന്നിലേയ്ക്ക് ഒരു കാഴ്ചവസ്തുവിനെ പ്പോലെ അവളെ കൊണ്ടു പോകുമ്പോൾ മനസ് ആദ്യം വിഷമിച്ചിരുന്നു - വേറെ എവിടെ പോകാൻ മാതാ പിതാക്കൾ ഇല്ല .

അനാഥാലയത്തിൽ ഭക്ഷണം ഉണ്ടാക്കാൻ വരുന്ന ഒരു സ്ത്രീ ഉണ്ടായി രുന്നു. ലീല എന്നായിരുന്നു അവളുടെ പേര് . ലീലയുടെ ഭർത്താവ് ഒരു മുഴുക്കുടിയൻ ആയിരുന്നതിനാൽ അവൾ അനാഥാലയത്തിലാണ് താമസിച്ചിരുന്നത്. ലീലയ്ക്ക് ഒരു മകൾ ഉണ്ടായിരുന്നു . പക്ഷേ ഒരു കാർ അപകടത്തിൽ മരിച്ചു പോയി . ആ വേദന ഇപ്പൊഴും ഉള്ളിൽ കൊണ്ടു നടക്കുകയാണ് അവർ . തന്റെ മകളെയാണ് മീനാക്ഷിയിലൂടെ കാണുന്നത്. മീനാക്ഷിയുടെ കൈപിടിച്ച് വരാന്തയിലൂടെ നടത്തുമായിരുന്നു. മീനാക്ഷിക്ക് കാണാൻ കഴിയില്ലെങ്കിലും ലീലച്ചേച്ചി എല്ലാ കാഴ്ചകളും വിവരിച്ചിരുന്നു. മീനാക്ഷിയുടെ സങ്കടം ലീലച്ചേച്ചി മനസിലാക്കിയിരുന്നു .

- ഒരു ദിവസം മീനാക്ഷി ജനാലയരികിൽ പോയി നിന്നു. അപ്പോൾ നല്ല കുളിർ കാറ്റ് വീശുന്നുണ്ടായിരുന്നു. അപ്പോൾ കണ്ണുകളടച്ച് ലോകം കാണുവാൻ ശ്രമിച്ചു. എന്നാൽ അപ്പൊഴും ഇരുട്ട് മാത്രമേ ഉണ്ടായിരുന്നുള്ളൂ. അവളുടെ മനസ്സിൽ ഒരു ഭാരം ഉണ്ടായിരുന്നു. അനാഥാലയത്തിലെ മക്കളൾ പ്രകൃതിയുടെ സൗന്ദര്യത്തെ കുറിച്ച് പറയുമ്പോൾ താൻ അവരിൽ ഏറ്റവും പിന്നിലാണെന്നുള്ള തോന്നലുണ്ടായിരുന്നു -

എന്നാൽ മീനാക്ഷിയ്ക്ക് പാടാൻ കഴിവുണ്ടായിരുന്നു. ചിലർ അവളെ അഭിനന്ദിച്ചു. എന്നിട്ടും ഒരടുപ്പവുമില്ലാതെ പെരുമാറിയവരുണ്ടായിരുന്നു - അവളുടെ കഴിവ് ഒരു കഴിവല്ല എന്ന് അവൾ സ്വയം തീരുമാനിച്ചു

ലീലച്ചേച്ചി പാചകപ്പുരയിൽ കുറെയധികം ജോലിയിൽ മുഴുകിയിരിക്കുകയായിരുന്നു. ജോലികൾ കഴിയാൻ അവൾ കാത്തിരുന്നു. ചേച്ചി അവളുടെ സങ്കടങ്ങൾ മനസ്സിലാക്കുമെന്ന് അവൾ സമാധാനിച്ചു. ലീലച്ചേച്ചി തന്റെ ജോലികൾ എല്ലാം തീർത്ത് മീനാക്ഷിയുടെ അരികിലേയ്ക്ക് ചെന്നു. അവൾ തന്നെ സങ്കടങ്ങൾ എല്ലാം പറഞ്ഞു.

ലീലച്ചേച്ചി  പറഞ്ഞു. "മോളെ മീനാക്ഷി നീ വെറുതെ സങ്കടപ്പെടാതെ ഈ ലോകത്തിൽ എത്രയേറെ കുട്ടികൾ കാഴ്ചയില്ലാത്തവരും സംസാരിക്കാൻ കഴിയാത്തവരായുണ്ട് എല്ലാവരെയും നമ്മുടെ ദൈവം ഒരു കുറവ് കാണിക്കുന്നുണ്ടെങ്കിൽ അതിലുപരി ഒരു നല്ല കഴിവും നൽകുന്നുണ്ട്. നിനക്ക് കാഴ്ചയില്ലെങ്കിൽ പാടാൻ കഴിവുണ്ടല്ലോ അതിൽ നീ സന്തോഷിക്ക് നിനക്ക് കാഴ്ചയില്ല, എനിക്ക് എന്റെ മോളും ഇല്ല. ഓരോരുത്തപ്പോൾ മീനാക്ഷിയുടെ മനസ്സിൽ സന്തോഷം മാത്രമേ ഉള്ളൂ. അവളുടെ മനസിൽ പാട്ടുകളുടെ വരികൾ ഒരു മഴയായി പെയ്തു കൊണ്ടിരുന്നു. അപ്പോൾ അവൾക്ക് വെളിച്ചത്തെ കാണാൻ കഴിഞ്ഞു.

**************

# SPRING

Spring!spring!spring
What joy it will bring
To see the flower bloom
In sunlight and nder the moon

The birds and their chirping
Yheir hopping and playing
Has told me about aspecialtime of year
For the spring seasonhas come near

The endless buzzing of the breeze
Haveputmysenses to ease
The playful pronce of the dragonfly
Has told me that spring will never die

Clistine Wilson IXB

# വിണ്ടു കീറുന്ന സമഭൂമി



മാനുഷജീവിതം പൂവിനുസമം
അത് തളിർക്കുന്നു പൂവിടുന്നു
കായ്ക്കുന്നു
വാർദ്ധക്യത്തിൻ മണ്ണി
ലലിഞ്ഞു ചേരുന്നു

തന്റെ
പ്രാണൻ ചോരയാക്കി
തൻ മക്കൾക്ക് കാവലാകുന്നു അച്ഛൻ
കത്തുന്ന തീയിലും തൻ മക്കളെ കരുതുവാൻ
ചിറകിനടിയിൽ സുരക്ഷിതയാക്കുന്ന അമ്മ
തന്റെ നേത്രങ്ങൾ പോൽ കാത്തു
കരുതും മാതാപിതാക്കൾ തൻ
പ്രതീക്ഷ മനസ്സിലാക്കാതെ പോയി

തെറ്റായ വഴിയിലും തൻ മക്കൾ സഞ്ചരിച്ചപ്പോൾ
സ്നേഹത്തിൻവടിയാൽ
ശിക്ഷകൾ നൽകി തളരാതെ
നിൽക്കുന്ന അച്ഛന്റെ കണ്ണിൽ
മക്കൾ കണ്ടത് ക്രൂരത മാത്രം.
തൻ മക്കൾ വളർന്നു ഒരു വൻ
മരത്തിനു സമം .

എന്നാൽ
മക്കൾക്കു ഭാരമായ് തീർന്നു മാതാപിതാക്കൾ
വൃദ്ധസദനത്തിൽ തിണ്ണയിൽ
ദിവസങ്ങൾ തള്ളി
നീക്കി അവർ തന്റെ
മക്കളെ കാത്തിരിക്കെ
അവസാനം.....

**അനീഷ പി. ആർ. 10 സി**

കവിത


# സ്നേഹം

ഞാൻ ഒത്തിരി ആശിച്ചു
ആഞ്ഞു പിടിച്ചു പിന്നെ
നേടി ഒത്തിരി അറിഞ്ഞു
അടുത്തു സ്നേഹം കൂടി
മടുത്തു പിന്നെ വഴക്കായി
വഴക്കായി ഇരുവഴിയായി

**അബിയ അന്ന ഏബ്രഹാം (9B)**



# Life



Life I s a challenge, meet it.

Life is a gift, accept it.

Life is a race, win it.

Life is a duty, perform it.

Life is an mistry, unfold it.

Life is an opportunity, aware it.


Life is a promise, fullfill it.

Life is a goal, achieve it.

Life is a journey,complete it.

Kezia M Thomas (9B)

# ENGLISH



E - For English

N - For nine my favourite number

G - For Guitar my favourite instrument

L - For lion, my favourite animal

I - For indigo, my favourite colour

S - For swimming, my favourite sport

H - For my favourite compliment

Minnu Mol Martin (9B)

# END OF TIMES

There is a point in life ,
when you look around and
All you see is shadows
shadows with out hope

Life with out souls and souls
which long for salvation
pieces of broken glass
with darkness filling them in full

shadows which are strong crushing
Those of the week and evil for those
who seek peace and harmony
unopened doors and unanswered
callings for help.....
Laugher  of the kids turning into
The cry which seeks mercy ...
darkness darkness every where you look
inside your self and in those beside you
There we stand helpless and week
looking each with hopeless eyes
As it approaches ......

MINI JOHN(The teacher)

# मै कौन हूँ



सुनहरी धूप चमक १हा उस पाठशाल जपाठशाल के

आँगन मेंहरित् शोणिम आभ जिथा ला उपव

सुशोभित करते तितलियों के झुंड

कल _कल निर्झ१ बहते समान

छारियों की हँसी - खेलकूद

गुरु-शि ब्य. बन्धन के अनमोल

दृ२य गुँज १हे स्नेह वचस

छ्क कर अंग - अे ग मुस्कुराकर

बीच-बीच उद्घ घोष गाएँ सुनते वहाँ

बडे कार्य करने उत्सुक गुरुजन

तव पाद - पूजा व्य२त छोरियाँ नम्र

.। किसी समारोह की तैयारी नहीं

क्रिसमस पर्व के पहले करना है

स्वागत ३न का जो जन्मलिया है

किसी कमजोरी सेउन्हें कहते बहुमुखीक्षमता वाले

मोल समझो जीवन के करो कुछ

"मैं कौन हूं “ का मतलब ढूँढो

समझाते कभी-कभी ऑधी - तूफान

भूकंप दुर्घटनाएँ , रोग - दुख विरह _ मौत

पचताते नहीं कर्म सं कोई जरूर

मनु का स्मरण नहीं करते के कभी

सृष्टा के ऊपर कैसे जाएँगे

सीखते नहीं अनुभवों से मानव

पूजारी से लेकर करोड़पति तक

साधा२ण जन से भिखारी तक

पहचानो ईश्वर के सामने हम

एक हमे दी है उपहा२ रुपी नर४

सोचो समझो कार्थ करो सफलता तक

किसी लेन-देन के पीछे चलने वाले

मारा काट. लूट की ३पा १स कां

इन्हीं से कुछ नहींयहाँ भनू के बिना

चिंतन करे हम कौन हैं संसार मे

बुदिया, क्रिया शाक्ति से महाजन

पृथ्वी को हिलाने के संतुष्ट

बडयंत्र बचते किसी का सर्वनाश

भूलता अपने अस्तित्व कहा है।

तन-मन न्धन की पवित्र शक्ति को

मिट्टी में मिला ने वालो, दाँत उखड़ने वालों

सराक्त, पवित्र , कीटाणु मुक्त जीवन


तेरे अंदर वास, पध्यानो तुम्हारा मूल्य

**SARAMMA KURUVILLA**


# The most in our life

The most beautiful word =Love

- The most warm wood =Friendship
- The most final word =Death
- The most reverent word=Mother
- The most recpectful word=Teacher
- The most cruel word=fight
- The most powerful word=knowledge
- The most happy word=success
- The most glorius word=god
- The most kind word=Help
- The most cunning word=Cheat




**Thulasi**



# DIGITAL PAINTING

Febah Ann Sunny XC







# സുഹൃത്ത്

ഒരു മഴക്കാലത്ത് നമ്മൾ കണ്ടുമുട്ടി

അന്നു മുതൽ നീ സ് നേഹത്തിൻ നിറകുടമായ്

സന്തോഷത്തിലും എന്നിൽ നീ വന്നണഞ്ഞു

സന്തോഷത്തിലും സങ്കടത്തിലും ഒന്നായ്

അലിയാൻ എൻ സ്വപ് നങ്ങൾ നിറവേറ്റുവാൻ

നിന്റെ നേത്രങ്ങളിൽ എന്റെ മുഖം ഞാൻ


കണ്ടു ഇതാ, ഈ ഗ്രീഷ് മക്കാലത്തിൽ നമ്മൾ

പിരിയുന്നു. ഇന്ന നാം പിരിഞ്ഞാലും ഇനിയും

കണ്ടുമുട്ടും, അന്ന് നമ്മെ പിരിക്കുവാൻ ഒരു

കാലത്തിനും സാധിക്കില്ല.

**റോസ് മി റോയി (9C)**



കഥ

# മിടുക്കനായ കറുമ്പൻ



**നാ**ട്ടിലെ മിടുക്കൻ കാക്കയാണ് കറുമ്പൻ. കറുമ്പൻ എപ്പൊഴും കൂട്ടിലെ അഴുക്കെല്ലാം കൊത്തി മാറ്റി കൂടും മരച്ചുവടും വൃത്തിയായി സൂക്ഷിക്കും .കറുമ്പന്റെ വീടിന്റെ അടുത്താണ് പപ്പു പൂവൻകോഴിയുടെ താമസം അവന്റെ വീടിന്റെ ചുറ്റുപാടെല്ലാം ചിക്കി ചികഞ്ഞ് ആകെ വൃത്തികേടാണ്'' പപ്പു നമ്മുടെ ചുറ്റുപാടും വൃത്തിയായി സൂക്ഷിക്കണം"കറുമ്പൻ സമയം കിട്ടുമ്പോഴെല്ലാം പപ്പുവിനോട് പറയും .പക്ഷെ പപ്പു വൃത്തിയാക്കുമോ? അവൻ അതൊന്നും ശ്രദ്ധിക്കുകയേയില്ല

ഒരിക്കൽ പക്ഷികളുടെ രാജാവ് ചെമ്പൻ പരുന്ത് ഒരു മത്സരം നടത്തി നന്നായി പരിസരം വൃത്തിയാക്കുന്നവർക്ക് സമ്മാനം. പക്ഷികളെല്ലാം അതു കേട്ട് കൂടും പരിസരവും വൃത്തിയാക്കി .മിടുക്കനായ കുമ്പന്റെ കൂട്ടും ചെമ്പന്റെ കൂടും പപ്പുവിന്റെ കൂടും ചെമ്പൻ പരുന്ത് കണ്ടു. പപ്പുവിന്റെ വീട് ഒരു ഭംഗിയുമില്ല: കറുമ്പന് തന്നെ ഒന്നാം സമ്മാനമായി നല്ല പാൽപ്പായസം കിട്ടി. അതു കണ്ട് പപ്പു നാണിച്ചു പോയി. നല്ലവനായ കറുമ്പൻ പായസത്തിന്റെ ഒരു പങ്ക് പപ്പുവിന് കൊടുത്തു . പിന്നീടൊരിക്കലും പപ്പു പരിസരം വൃത്തികേടാക്കിയിട്ടില്ല.

**ആദിത്യ പ്രദീപ് (VII C)**

ഭവ്യ അനിൽകുമാർ (6C)

# കുസൃതി ചോദ്യങ്ങളും ഉത്തരവും............

1. നടുക്ക് വായുള്ള ജീവിയേത്?

   തവള

2. പൊടിയിട്ടാൽ വടിയാവുന്നതെന്ത് ?

   പുട്ട്

3. വെട്ടിയാലും വെട്ടിയാലും നീളം കൂടുന്നതെന്ത് ?

   കിണർ

4. മലയാളികളെ ചിരിപ്പിക്കുന്ന സെന്റ് ഏതാ?

   ഇന്നസെന്റ്

5. തുറക്കാനും അടക്കാനും വയ്യാത്ത ഗേറ്റ് ഏതാ?

   കോൾഗേറ്റ്

6. ഒരേ സമയം നമ്മോട് പോകാനും വരാനും പറയുന്ന ഇന്ത്യൻ നഗരം ഏതാ?

   ഗോവ

7. ഒരിക്കലും 'അതെ' എന്നുത്തരം കിട്ടാത്ത ചോദ്യം ഏതാണ്?

   നീ ഉറങ്ങുകയാണോ"

8. നിങ്ങളുടെ മുൻപിലുണ്ടെങ്കിലും നിങ്ങൾക്ക് കാണാൻ കഴിയാത്തതെന്താണ്?

   ഭാവി

9. വാങ്ങാൻ പറ്റാത്ത കടം?

   സങ്കടം

10. കരമുള്ള മലയാള മാസം?

    മകരം

11. മനുഷ്യനും മൃഗങ്ങൾക്കും പക്ഷികൾക്കും മരങ്ങൾക്കുമുള്ളത്?

    ശരീരം

12. പുഴയിലുള്ള അക്കം?

    ആറ് (പുഴ=ആറ്)

13. മരിക്കാത്ത ജീവി?

    ചിരഞ്ജീവി

14. ആനകാലികങ്ങളിൽ വരിക്കു നിൽക്കുന്ന കാർ?

    വരിക്കാർ

15. ഉണ്ടാവാൻ ആഗ്രഹിക്കാത്ത പണം?

    ആരോപണം

16. ഇരിക്കാൻ പറ്റാത്ത ബെഞ്ച്?

    സിംഗിൽ ബെഞ്ച്

17. .ഏറ്റവും തിരക്കുള്ള ഫുട്ബോൾകളിക്കാർ

ഏതു രാജ്യത്തിനാണ്? -

അർജെന്റീന

18.. നാവു കൊണ്ട് ഇര പിടിക്കുന്ന ജീവി? -

-വക്കീൽ , LIC ഏജെന്റ്

19. വലിക്കും തോറും നീളം കുറയുന്ന ഒരു വസ്തു ?-

ബീഡി

20..ര യിൽ തുടങ്ങി ര യിൽ അവസാനിക്കുന്ന ഒരു പദം പറയാമോ -

രണ്ടര

21. തവളയുടെ മുൻപിലും കഴുത യുടെ പിൻപിലും കാണുന്നതെന്തു .?

ത

22. വെള്ളത്തിൽ വീണാൽ നനയാത്ത വസ്തു ഏതാണ്?

നിഴൽ -

*23..* വിശപ്പുള്ള രാജ്യം*?*

ഹംഗറി

2.4. വെള്ളത്തിൽ അലിയുന്ന പൂ?

ഷാംപൂ

25. ജനങ്ങൾക്ക് താമസിക്കാൻ പറ്റാത്ത സിറ്റി?

ഇലക്ട്രിസിറ്റി

26. കടയിൽ നിന്ന് വാങ്ങാൻ കിട്ടാത്ത ജാം?

ട്രാഫിക് ജാം

27. കാരറ്റ് മാത്രം വാങ്ങാൻ കിട്ടുന്ന കട?

സ്വർണ്ണക്കട

28. ധാരാളം ആളുകൾ കൂടുന്ന ഒരു ഇംഗ്ലീഷ് അക്ഷരം?

Q (ക്യൂ)


29. ലോകത്തിലെ ഏറ്റവും ചെറിയ പാലം?

മൂക്കിൻറെ പാലം

30. കൃഷിക്ക് ഉപയോഗിക്കാൻ പറ്റാത്ത വളം?

കോവളം.

ഭവ്യ അനിൽകുമാർ (6C)



# Pet Shopping

While shopping at the pet store

I got my fandest wish

I bought my self a fish bad

And then a pair of fish

And so I got a rabit

A hamster and a frog,

A gerbil and turtle,

A parrot and a dog

I parchased an jguana,

A tortoise and a rat,

An eight-foot anaconda,

A monkey and a cat

A guinea-pig,agecko

A ferret and a mouse,

And had them all deliverd,

Directly to my home


**Surya babu 6C**

കഥ

# സുഹൃത്തിന്റെ സ്നേഹം

ഒരിടത്തൊരിടത്ത് ഒരു കുട്ടി ഉണ്ടായിരുന്നു. ആ കുട്ടിയുടെ പേര് മാളൂട്ടി എന്നാണ്. മാളൂട്ടി അഞ്ചാം ക്ലാസ്സിലാണ് പഠിക്കുന്നത്. മാളൂട്ടി ക്ലാസ്സിൽ ഫസ്റ്റാണ്. ആ ക്ലാസ്സിൽ തന്നെ പഠിക്കുന്ന അമ്മു എന്ന് പേരുള്ള കുട്ടി മാളൂട്ടിയുടെ ബെസ്റ്റ് ഫ്രണ്ടായിരുന്നു. അവർ ഉറ്റസുഹൃത്തുക്കളായി  സ്ക്രൂളിൽ ഒന്നിച്ചു പഠിക്കുകയാണ്. അങ്ങനെ ഒരു ദിവസം അവരുടെ സ്ക്രൂളിൽ നിന്നും സ്റ്റഡി ടൂർ പോകുവാണെന്ന് ക്ലാസ്സ് ടീച്ചർ പറഞ്ഞു. 200 രൂപയാണ് ഫീസ് എല്ലാ കുട്ടികൾക്കും സന്തോഷമായി . പിന്നെ ഓരോ ദിവസവും കുട്ടികൾ എല്ലാവരും ടൂറിന്റെ പൈസ കൊണ്ടുവന്നു കൊടുക്കുന്നു. മാളൂട്ടി വീട്ടിൽ ചെന്നു പറഞ്ഞു. പൈസ ഇല്ലാത്തതിനാൽ പോകാൻ അനുവധിച്ചില്ല. അവൾക്ക് ഒത്തിരി സങ്കടമായി. അവൾ പിറ്റേ ദിവസം  സ്ക്രൂളിൽ വന്നപ്പോൾ  കുട്ടികളെല്ലാം നാളെ ടൂറിന് പോകാൻ ഉള്ള സന്തോഷത്തിലാണ്. പിറ്റേ ദിവസം കുട്ടികൾ എല്ലാം  സ്റ്റഡി ടൂറിന് പോകാൻ ഒരുങ്ങി വന്നു. മാളൂട്ടി മാത്രം എന്നും വരുന്നതുപോലെ വന്നു. മാളൂട്ടി സീറ്റിലിരുന്ന് കരയുകയാണ്. അമ്മു അത് കണ്ടു. മാളൂട്ടി നിനക്കെന്തുപറ്റി? മാളൂട്ടി പറഞ്ഞു ഹേ ഒന്നുമില്ല. . ഇല്ല നിനക്കെന്തോ പറ്റിയിട്ടുണ്ട്. അമ്മ എന്നെ മാത്രം ടൂറിന് വിടത്തില്ല. അതെന്താ? എനിക്ക് പൈസയില്ല. അമ്മുവിന് അതു കേട്ടപ്പോൾ സങ്കടമായി. അമ്മുവിന് അച്ഛനും അമ്മയും ടൂറിനിടയിൽ ചെലവാക്കാൻ കൊടുത്തു വിട്ട പൈസ അമ്മു അവരുടെ ക്ലാസ്സ് ടീച്ചറിന്റെ കൈയ്യിൽ മാളൂട്ടിയുടെ പേര് പറഞ്ഞു കൊടുത്തു. അമ്മു മാളൂട്ടിയോട് പറഞ്ഞു വാ മാളൂട്ടി നമുക്ക് സ്റ്റഡി ടൂറിന് പോകാം. എങ്ങനെ പോകും ഞാൻ പൈസ കൊടുത്തിട്ടില്ലല്ലോ? ഞാൻ കൊടുത്തു പൈസ താങ്ക് യു അമ്മു. അവർ സന്തോഷത്തോടെ ടൂറിന് പോയി.

ദേവികാമോൾ പ്രസാദ് (10C)



# മഴ കുസൃതി

ശ്രുഹമ്മ ജോസഫ് (9C)

മഴയേ മഴയേ മാനത്തെന്ത് വിശേഷം?

പറയീ പറയൂ മാനത്തെന്ത് വിശേഷം?

ഒത്തിരി നാളായി നിൻ കുസൃതികൾ

കണ്ടിട്ടെൻ നയനങ്ങൾ ഞാൻ നിൻ വരവു

കാത്തിരിപ്പായ് മഴയെ വരുമോ-

നീ എൻ അരികിൽ എനിക്ക്

നിൻ വരവെത്തപ്രുളകം എനിക്ക്

കളിപ്പാനും കുടിപ്പാനും വെള്ളം നീ തരും


ഇങ്ങനെ നിൻ ചേഷ്ടകൾ എത്ര

വിശിഷ്ടം

മഴയെ നീ വരുമോ?

# എന്റെ മലർവാടി

**ലിറ്റി മരിയ റോയി (9C)**



ഞങ്ങൽക്കുണ്ടൊരു മലർവാടി
കുടുംബമാം മലർവാടി
അച്ഛനെത്തും മീശപിരിച്ച്
അമ്മയെത്തും പാലൂട്ടാനായി
എന്തൊരു നല്ല മലർവാടി

ഞങ്ങൽക്കുണ്ടൊരു മലർവാടി
സ് നേഹമാം മലർവാടി
ചേച്ചിയെത്തും താലോലിക്കാൻ
ചേട്ടനെത്തും കളിപ്പിക്കാനായി
സ് നേഹമുള്ളൊരു മലർവാടി
ഞങ്ങൽക്കുണ്ടൊരു മലർവാടി

വടിയും കുത്തി മുത്തശ്ശനെത്തും
പാടിയുറക്കാൻ മുത്തശ്ശിയെത്തും
ഒരുമയുള്ളൊരു മലർവാടി

# Funny Corner



1. Which key usually kicks?

Ans; Monkey

2.Which drum is not for music?

Ans; Trivandrum

3.Which ant has only two legs?

Ans; plants

4.Which sand can be counted?

Ans; Thousand

5.Which tiles craw?


Ans; Reptiles

# ഒരു രത്നഖനിയുടെ കഥ

കുറേ കാലം മുമ്പാണ് ഹൈദ്രബാദിൽ അൽഹമീദ് എന്നൊരു കൃഷിക്കാരനുണ്ടായിരുന്നു. വളരെ വിശാലമാണ് അയാളുടെ കൃഷിസ്ഥലം.
എങ്കിലും തടിയനങ്ങി അധ്വാനിക്കാനൊന്നും ഹമീദിനു താല്പര്യമുണ്ടായിരുന്നില്ല. വലിയ കോടീശ്വരനാകണം അതായിരുന്നു. അയാളുടെ മോഹം

- എളുപ്പത്തിൽ ധനികനാവാൻ ഒരു മാർഗവും അയാൾ കണ്ടു പിടിച്ചു. ഒരു രത്നവ്യാപാരിയായി മാറുക തന്നെ പിന്നെ താമസിച്ചില്ല ആക്ഷി സ്ഥലം മുഴുവനും വിറ്റ് കാശാക്കി എന്നിട്ട് ആ പണം ഉപയോഗിച്ച് രത്നങ്ങൾ തേടി പല നാടുകളും ചുറ്റി പക്ഷേ അയാളുടെ കച്ചവടം നശിക്കുകയാണുണ്ടായത് കയ്യിലെ കാശെല്ലാം തീരുകയും ചെയ്തു.
- ഒടുവിൽ നിരാശയടക്കാനാവാതെ ഹമീദ് അങ്ങു ദൂരെ കടലിൽ ചാടി ജീവനൊടുക്കി .ഹമീദിന്റെ കൃഷി സ്ഥലം മറ്റൊരു കൃഷിക്കാരനാണ് വാങ്ങിയത് കുറച്ചുകാകഴിഞ്ഞ് അയാൾ കൃഷിസ്ഥലത്തെ ഒരു കൊച്ചുതോട്ടിൽ കന്നുകളെ വെള്ളം ' അത് –° കിളച്ച് മറിച്ചു.

അനേകം വൈരക്കല്ലുകൾ കണ്ടെടുക്കുകയും ചെയ്തു. പിൽക്കലത്ത് ഗോൽക്കൊണ്ട എന്ന പേരിൽ പ്രസിദ്ധാമായ രത്നഖനിയായിരുന്നു അത് വിശ്വ പ്രസിദ്ധി നേടിയ കോഹിനൂർ രത്നം ഈ ഖനിയിൽ നിന്നു കിട്ടിയതായിരുന്നു.



# പഴഞ്ചൊല്ല്

- മൂക്കില്ലാ രാജ്യത്ത് മുറിമൂക്കൻ രാജാവ്
- മൂത്തവർ ചൊല്ലും മുതു നെല്ലിക്ക ആദ്യം കയ്ക്കും
  പിന്നെ മധുരിക്കും
  - മോങ്ങാൻ ഇരുന്ന നായയുടെ തലയിൽ തേങ്ങ വീണു!
- മൗനം വിദ്വാന ഭൂഷണം
- രണ്ട് വള്ളത്തിൽ ചവിട്ടി നിൽക്കരുത്!
- വല്ലഭനു പുല്ലും ആയുധം!
- വിത്തിനു കുത്ത് ഉണ്ടങ്കിൽ ഇലയ്ക്കു തുള നിശ്ചയം!
- വിത്ത് ഗുണം പത്ത് ഗുണം!
- വിത്തിൽ പിഴച്ചാൽ വിളവിൽ പിഴക്കും!
- രോഗി ഇച്ഛിച്ചതും വൈദ്യൻ കല്പിച്ചതും പാല്!
- വെളുക്കാൻ തേച്ചത് പാണ്ടായി!
- വിദ്യാ ധനം സർവ്വധനാൽ പ്രധാനം!
- സൂചികൊണ്ടെടുക്കേണ്ടത് തൂമ്പ കൊണ്ടെടുക്കേണ്ടി വരും!
- സ്വരം നന്നായിരിക്കുമ്പോഴേ പാട്ട് നിർത്തുക!

മിന്നു മോൾ

# Good Things come to those



# who wait

The butterfly advice is packed in its inspirng life story .In the corse of its life the butterfly pass through several

”.

distinct stages.It begins its life as an egg which hatches to become a catterpiller. The catterpiller shed its skin several times, and then when the timeis right it prepares to form pupa. It is inside the pupa, hidden away from the world that a magical transformation takes place


days pass by, and eventually when the change is complete the catterpiller emerges from the pupa transformed into a brilliantly coloured butterfly that can fly at its whim!.This remarkable transformation however, was not easy. Inside the pupa, the catterpiller for goes food its tissues breake down, adult organs develop and the process tests its endurance. The fluttering butterfly, which was once a crawling insect, advices us that “Good Things come to those who wait

Aiswarya Lekshmi VIB

# PAINTINGS



HIMA BIJI XC



ALEENA MARY DAVID VIIC

# ക്ലബ്ബ് പ്രവർത്തനങ്ങൾ

## സോഷ്യൽ സയൻസ് ക്ലബ്ബ്

75 അംഗങ്ങളുള്ള ക്ലബിന്റെ നേതൃത്വത്തിൽ ദിനാചരണങ്ങൾ സ്കൂൾ പാർലമെന്റ് ഇലക്ഷൻ എന്നിവ നടന്നു വരുന്നു കുമാരി അഞ്ജന സുരേഷ് സ്കൂൾ ലീഡറായി തെരഞ്ഞെടുക്കപ്പെട്ടു.കുമാരി.രത്ന രാജേഷിന് വർക്കിംങ് മോഡലിന് രണ്ടാംസ്ഥാനം ലഭിച്ചു

## ഗണിത ശാസ്ത്ര ക്ലബ്ബ്

ഈ സ്കൂളിൽ സജീവമായി പ്രവർത്തിക്കുന്ന ഗണിത ശാസ്ത്ര ക്ലബ് ഉണ്ട്ഗണിത ശാസ്ത്രത്തിൽ തല്പരരായ 25 കുട്ടികൾ എല്ലാ വെള്ളിയാഴ്ചയും ഒത്തുചേർക് ഗണിത ശാസ്ത്ര മേഖലയിലെ പുതുമകൾ പങ്കവെയ്ക്കുന്നു. ഗണിത ക്വിസ് ഗണിത ശാസ്ത്രജ്ഞരുടെ ജീവചരിത്ര കുറിപ്പുകൾ തയ്യാറാക്കി അവതരിപ്പിക്കുന്നു. കുമാരി സാന്ദ്ര കെ എസ് ന് നമ്പർ ചാർട്ടിൽ o Ind Agrade ഉം കുമാരി. റോസ് മേരി ക്ക് മൂന്നാം സ്ഥാനവും ലഭിച്ചു.

## സയൻസ് ക്ലബ്ബ്

ഇ ഈ സ്ക്കുളിൽ സയൻസ് ക്ലബ് സജീവമായി പ്രവർത്തിച്ചു വരുന്നു. എല്ലാ വെള്ളിയാഴ്ചയും ക്ലബ് അംഗങ്ങൾ ഒന്നിച്ചു കൂടുന്നു. പുതിയ ശാസ് ത്ര വാർത്തകൾ തയ്യാറാക്കി അവതരിപ്പിക്കുന്ന.ക്വിസ് മത്സരങ്ങൾ നൃത്തി വരുന്നു. ശാസ്ത്ര വിഷയങ്ങളെ സംബന്ധിച്ച ക്ലാസ്സുകൾ നടത്തപ്പെടുന്നു. ഈ വർഷം നടന്ന ശാസ്ത്രമേളയിൽ കുട്ടികൾ പങ്കെടുത്തു. ദിനാചരണങ്ങൾക് നേതൃത്വം നല്കി വരുന്നു

## പരിസ്ഥിതി ക്ലബ്ബ്

- ന്നല്ല രീതിയിൽ പ്രവർത്തിച്ചു വരന്നു.സ്കൂളിൽ ഒരു പച്ചക്കറിത്തോട്ടം സ്കൂൾ പരിസരം വൃത്തിയാക്കൽ. പൂന്തോട്ടനിർമ്മാണം എന്നിവയിൽ കുട്ടികൾ പങ്കെടുത്ത് വരുന്നു –

## Health Club

എല്ലാ വെള്ളിയാഴ്ചയും ഉച്ചകഴിഞ്ഞ് 2.50 മുതൽ 3.25 വരെ ഹെൽത്ത് ക്ലബ്ബ് മീറ്റിംഗ് നടത്തി വരുന്നു. 60 കുട്ടികൾ അംഗങ്ങളാണ്. രക്ത ദാന, ദിനം ഹൃദയ ദിനം,അൽഷിമേഴ്സ് ദിനം, ഡോക് ടർ ദിനം, എയ്ഡ് സ് ദിനം തുടങ്ങിയ ദിനാചരണങ്ങൾ നടത്തി. കൗൺസിലിംഗ് ക്ലാസ്സുകൾ കാൻസർ ബോധവൽക്കരണ ക്ലാസ്സുകൾ കൗമാര ആരോഗ്യ ക്ലാസ്സുകൾ തുടങ്ങിയവ നടത്തി. എല്ലാ തിങ്കളാഴ്ച മുതൽ ആറാം ക്ലാസ്സ് മുതൽ പത്താം ക്ലാസു വരെയുള്ള കുട്ടികൾക്ക് അയൺ ഫോളിക്ക് ആസിഡ് നൽകി വരുന്നു. ദേശീയ വിര വിമുക്തദിനാചരണത്തിന്റെ ഭാഗമായി വർഷത്തിൽ 2 പ്രാവശ്യം എല്ലാ കുട്ടികൾക്കും ആൽബന്റസോൾ ഗുളിക നൽകി വരുന്നു. 2018 ജൂലൈ 31 ന് ഡങ്കിപ്പനി പ്രതിരോധ മാസാചരണത്തിന്റെ ഭാഗമായി ബോധവൽക്കരണ ക്ലാസും റാലിയും നടത്തി. അന്നേ ദിവസം സ്കൂൾ കോമ്പോണ്ടിൽ ഉളള ഒരു ടാങ്കിൽ കൊതുകുകളുടെ ലാർവകളെ ഭക്ഷിക്കുന്ന ഗപ്പി മീനുകളെ നിക്ഷേപിച്ചു. ശ്രീ. സൂസൻ ജോർജ്ജ്, മഞ്ജു എം കുഞ്ഞ് എന്നിവർ ഹെൽത്ത് ക്ലബ്ബിന്റ ച്ചുമതല വഹിക്കുന്നു.

## ഐ.ടി ക്ലബ്ബ്

25 കുട്ടികൾ അംഗങ്ങളായുള്ള ഈ ക്ലബ് നല്ല രീതിയിൽ പ്രവർത്തിച്ചുവരുന്നു.എല്ലാ വെള്ളിയാഴ്ചയും കുട്ടികൾ ഒത്തുകൂടുന്നു. ഒഴിവ് സമയങ്ങളിലും വെള്ളിയാഴ്ചകളിലും കുട്ടികൾ മലയാളം ടൈപ്പിങ്ങ് ഡിജിറ്റൽ പെയ്ൻറിംങ് എന്നിവയിൽ പരിശീലനം നേടി വരുന്നു. ഐ.ടി മേളയിലെ വിവിധ ഇനങ്ങളിൽ കുട്ടികൾ പങ്കെടുത്തു.

# ക്ലിക്ക്.......2018-19

## പ്രഥമ ശബരീഷ് സ്മാരക സ്കൂൾവിക്കി അവാർഡ് 2018

### കോട്ടയം ജില്ല -ഒന്നാം സ്ഥാനം

### ബുക്കാനൻ ഇൻസ്റ്റിറ്റ്യൂഷൻ ജി.എച്ച്.എസ് പള്ളം





ബുക്കാനൻ ഇൻസ്റ്റിറ്റ്യൂഷൻ ഗേൾസ് ഹൈസ്കൂളിന് പുരസ്കാരം

ഐ ടി @ സ്കൂൾ ആരംഭിച്ച പ്രഥമ ശബരീഷ് സ്മാരക സ്കൂൾ വിക്കി പോർട്ടൽ ഒന്നാംസ്ഥാനം ലഭിച്ച ബുക്കാനൻ ഇൻസ്റ്റിറ്റ്യൂഷൻ ഗേൾസ് ഹൈസ്കൂളിന് വേണ്ടി മന്ത്രി സി രവീന്ദ്രനാഥിൽ നിന്ന് സ്കൂൾ ഐടി കോ - ഓർഡിനേറ്റർ ബിന്ദു പി ചാക്കോ പുരസ്കാരംഏറ്റുവാങ്ങുന്നു

ചിങ്ങവനം

സംസ്ഥാനത്തെ പതിനായിരത്തോളം സ്കൂളുകളെ കൂട്ടിയിണക്കി ഐടി @ സ്കൂൾ ആരംഭിച്ച പ്രഥമ ശബരീഷ് സ്മാരക സ്കൂൾ വിക്കി പോർട്ടൽ പുരസ്കാരം 2018 ന് ജില്ലാതലത്തിൽ ഒന്നാം സ്ഥാനം പള്ളം ബുക്കാനൻ ഇൻസ്റ്റിറ്റ്യൂഷൻ ഗേൾസ് ഹൈസ്കൂളിന് ലഭിച്ചു. 10000 രൂപയും ട്രോഫിയും പ്രശസ്തിപത്രവും മന്ത്രി സി രവീന്ദ്രനാഥിൽനിന്ന് സ്കൂൾ ഐടി കോഓർഡിനേറ്റർ ബിന്ദു പി ചാക്കോ ഏറ്റുവാങ്ങി. കേരള ഇൻഫ്രാസ്ട്രക്ച്ചർ ആൻഡ് ടെക്നോള[illegible] ഫോർ എഡ്യൂക്കേഷൻ(കൈറ്[illegible] ടിഇ) എക്സിക്യൂട്ടീവ് ഡയറക്[illegible] അൻവർ സാദത്ത്, ജൂറി അം[illegible]ങ്ങൾ വിശ്വപ്രഭ, ബി അബുരാ[illegible] രഞ്ജിത്ത് സിജി, ഡോ. പി [illegible] തിലക് എന്നിവരും പങ്കെടുത്ത[illegible]





അദ്ധ്യാപകദിനം









# വര











by




## എഡിറ്റോറിയൽബോർഡ്

## ലിറ്റിൽ കൈറ്റ്സ്







# Thanks